ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വിപണികളിൽനിന്ന് ശേഖരിക്കുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുവാൻ സംവിധാനമുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന Central Institute of Fisheries Technology (CIFT)-ലും പരിശോധനാ സംവിധാനം ലഭ്യമാണ്. ടി സംവിധാനം ആവശ്യാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്.

വാർഷിക വരുമാനം രണ്ട് ലക്ഷം രൂപ വരെയുള്ള കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ

10 (*220) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് APL-BPL തരംതിരിവ് ഇല്ലാതെ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപാവരെയുള്ള കുടുംബങ്ങൾക്ക് RCC യിലും SCT യിലും സൗജന്യ ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) വർദ്ധിച്ചു വരുന്ന രോഗികളുടെ എണ്ണം പരിഗണിച്ച് ഈ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ശ്രീചിത്രയിൽ 4800 രൂപ വരെ വാർഷിക വരുമാനമുള്ള രോഗികൾക്ക് (എ കാറ്റഗറി) പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നു. താഴെപ്പറയുന്ന വാർഷികവരുമാനമുള്ള വിഭാഗങ്ങൾക്ക് ചികിത്സ ഇളവ് നൽകുന്നുണ്ട്:

4801- മുതൽ 8400- വരെ - 60% ഇളവ്

8401- മുതൽ 15,600- വരെ - 30% ഇളവ്

15,601- മുതൽ 24,000- വരെ - 10% ഇളവ്

ശ്രീചിത്രയുടെ പേഷ്യന്റ് വെൽഫെയർ ഫണ്ടിൽനിന്നും അർഹരായ രോഗികൾക്ക് ഒരു മാസം പരമാവധി 26,000/- രൂപയുടെ മരുന്നും (ഒരു രോഗിക്ക് പരമാവധി 500 രൂപ നിരക്കിൽ) സൗജന്യമായി നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ (ST) ഉൾപ്പെട്ടവർക്കുവേണ്ടി സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള തുകയിൽനിന്ന് അതിന്റെ നിബന്ധനയ്ക്ക് വിധേയമായി ചികിത്സാ സൗജന്യമോ/ഇളവോ ശ്രീചിത്രയിൽ ലഭിക്കുന്നുണ്ട്.

പി.എം. ഫണ്ട്, സി.എം. ഫണ്ട്, ഡി.എച്ച്.എസ്. ഫണ്ട് എന്നിവയും ഈ അവസരത്തിൽ പ്രയോജനപ്പെടുത്താറുണ്ട്.

സംസ്ഥാനത്ത് കാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുന്നതിനായി വിഭാവന ചെയ്ത് നടപ്പാക്കിയ ഒരു പദ്ധതിയാണ് സുകൃതം. എന്നാൽ തുടക്കത്തിൽ ഇത് ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും ആർ.എസ്.ബി.വൈ., ചിസ് പ്ലസ് എന്നീ കാർഡുകളുടെ ഉടമകൾക്കും മാത്രമായി നിജപ്പെടുത്തിക്കൊണ്ട് 2014 നവംബർ മാസം ഒന്നാം തീയതി മുതലാണ് കേരള സർക്കാർ ഈ പദ്ധതി നടപ്പിലാക്കിയത്. ഇതുകൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികളുടെ ചികിത്സാർത്ഥം താഴെപ്പറയുന്ന സർക്കാർ ക്ഷേമ പദ്ധതികൾ ഇപ്പോൾത്തന്നെ ആർ.സി.സി.-യിൽ നിലവിലുണ്ട്.

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

വാർഷികവരുമാനം 3 ലക്ഷം രൂപ വരെ ഉള്ളവർക്കായി 2 ലക്ഷം രൂപയുടെ ചികിത്സാ സഹായം

<u>ചിസ് പ്ലസ്</u>

ആരോഗ്യ സുരക്ഷാ കാർഡിന്റെ ലിസ്റ്റിലുള്ള കാൻസർ രോഗികൾക്ക് പ്രതിവർഷം 70,000 (എഴുപതിനായിരം രൂപ) വരെയുള്ള ചികിത്സാ സഹായം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ (Medical Assistance to the poor) കേരള ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പിൽനിന്നും 20,000 (ഇരുപതിനായിരം രൂപ) വരെയുള്ള സാമ്പത്തിക സഹായം.

- മുഖ്യമന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന സാമ്പത്തികസഹായം.

- രാഷ്ട്രീയ ആരോഗ്യനിധിയിൽ നിന്നുള്ള ധനസഹായം

- കാൻസർ രോഗികൾക്കുള്ള പെൻഷൻ

- എൻഡോസൾഫാൻ ബാധിതർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി

- താലോലം പദ്ധതി - 18 വയസ്സുവരെയുള്ള കുട്ടികൾക്ക് കാൻസർ/ കാൻസർ സമാന ചികിത്സയ്ക്കായി 50,000 (അൻപതിനായിരം രൂപ) വരെയുള്ള ചികിത്സാ സഹായം

- കാൻസർ സുരക്ഷാ പദ്ധതി - 18 വയസ്സിനു താഴെയുള്ള കേരളീയരായ കുട്ടികൾക്ക് കാൻസർ രോഗം സ്ഥിരീകരിക്കപ്പെട്ടാൽ കുട്ടിയുടെ ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ ടേർഷ്യറി കാൻസർ കെയർ പദ്ധതിയുടെ കീഴിൽ ആർ.സി.സി.-യെ ഒരു സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ കേന്ദ്ര സഹായമായി 120 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പുതിയ യന്ത്രസാമഗ്രികളും അടിസ്ഥാന സൗകര്യവികസനവും വിപുലീകരിക്കുന്നതുവഴി രോഗ നിർണ്ണയം വേഗത്തിലാക്കുന്നതിനും ചികിത്സാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. സ്ഥല പരിമിതി കണക്കിലെടുത്ത് ഒരു പത്തുനില കെട്ടിടത്തിന്റെ പണി ആർ.സി.സി.-യിൽ പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയാകുന്നതോടുകൂടി കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുകവഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ആർ.സി.സി.-യിൽ ലഭ്യമാക്കുന്നതാണ്.